

**Chicago Knanaya Catholic Parish Bulletin**
**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
April 5, 2009, Vol. 4, Issue 28
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# വിശുദ്ധ വാര കർമ്മങ്ങൾ

നമ്മുടെ ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിശുദ്ധവാര ശുശ്രൂഷകളിൽ ഭക്തിപൂർവ്വം പങ്കെടുത്ത് ആത്മ നവീകരണത്തിലും ഉയിർപ്പിന്റെ ആനന്ദത്തിലും പങ്കുചേരുവാൻ ഏവരെയും ക്ഷണിക്കുന്നു. നമ്മുടെ ഈ വർഷത്തെ വിശുദ്ധവാര കർമ്മങ്ങൾ ഇപ്രകാരമാണ്:

**ഓശാന:** (ഏപ്രിൽ 5) രാവിലെ 10:00ന് ഇടവക പള്ളിയിലും വൈകുന്നേരം 5:30ന് ഓ.എൽ.വി. പള്ളിയിലും കുരുത്തോല വെഞ്ചരിപ്പ്, പ്രദക്ഷിണം, കുർബ്ബാന.

**പെസഹാ വ്യാഴം:** (ഏപ്രിൽ 9) വൈകുന്നേരം 6:30ന് ഇടവക പള്ളിയിലും രാത്രി 9:00 ന് കമ്മ്യൂണിറ്റി സെന്ററിലും കാലുകഴുകൽ ശുശ്രൂഷയും കുർബ്ബാനയും അപ്പം മുറിക്കലും. രണ്ടിടത്തും പെസഹാ അപ്പവും പാലും കൊണ്ടുവന്നു സഹകരിക്കുമല്ലോ. ഇന്നത്തെ നേർച്ച മുൻ പതിവുപോലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ളതാണ്.

**ദുഃഖവെള്ളി:** (ഏപ്രിൽ 10) രാവിലെ 10:00ന് ഇടവകപള്ളിയിൽ പീഡാനുഭവ ശുശ്രൂഷ. കാർമ്മികർ: ഫാ. ഏബ്രഹാം മുത്തോലത്ത്, ഫാ. മാത്യു ഇളയടത്തുമഠം MSFS (പ്രസംഗം), ഫാ. റ്റോമി വട്ടുകുളം. തുടർന്ന് വഴിയിലൂടെ പള്ളിചുറ്റി കുരിശിന്റെ വഴിയും, കഞ്ഞിനേർച്ചയും. സ്ലീവാ പാതയ്ക്ക് കയ്യിൽ പിടിക്കുവാൻ എല്ലാവരും കുരിശുകൾ കൊണ്ടുവരുന്നത് നന്നായിരിക്കും. വൈകുന്നേരം 7:00 ന് കമ്മ്യൂണിറ്റി സെന്ററിൽ പീഡാനുഭവ ശുശ്രൂഷയും കുരിശിന്റെ വഴിയും കഞ്ഞിനേർച്ചയും. പ്രസംഗം: ഫാ. റ്റോം തോമസ് പന്നലക്കുന്നേൽ MSFS. ഇന്നത്തെ നേർച്ച വിശുദ്ധനാടുകളുടെ സംരക്ഷണത്തിനുള്ളതാണ്.

**ദുഃഖശനി:** (ഏപ്രിൽ 11) ഇടവക പള്ളിയിൽ രാവിലെ 10:00ന് ദുഃഖശനി ആചരണം: പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ്. തിരികളും വിശുദ്ധ ജലം കൊണ്ടുപോകുവാൻ ചെറിയ പാത്രവും കൊണ്ടുവരാം. ഹോളി വാട്ടർ ബോട്ടിലും മെഴുകുതിരിയും അഗാപ്പെ സ്റ്റോറിൽ നിന്നു വാങ്ങാവുന്നതാണ്. ജ്ഞാനസ്നാന വ്രത നവീകരണം, കുർബ്ബാന.

**വൈകുന്നേരം 7:00ന് ഇടവക പള്ളിയിൽ ഈസ്റ്റർ കുർബ്ബാന.** കാർമ്മികർ: ഫാ. ഏബ്രഹാം മുത്തോലത്ത്, ഫാ. റ്റോം തോമസ് പന്നലക്കുന്നേൽ MSFS (പ്രസംഗം), ഫാ. റ്റോമി വട്ടുകുളം. തുടർന്നു സ്നേഹവിരുന്ന്.

**സെന്റ് മേരീസ് യൂണിറ്റിന്റെ ഈസ്റ്റർ കുർബ്ബാന** രാത്രി 11:00ന് നൈൽസിലെ 8307 നോർത്ത് ഹാർലം അവന്യൂവിലുള്ള സെന്റ് ജോൺസ് പള്ളിയിൽ. കാർമ്മികർ: ഫാ. ഏബ്രഹാം മുത്തോലത്ത്, ഫാ. മാത്യു ഇളയടത്തുമഠം (പ്രസംഗം), ഫാ. റ്റോമി വട്ടുകുളം.

**ഉയിർപ്പു ഞായർ:** (ഏപ്രിൽ 12) രാവിലെ 10:00 ന് ഇടവക പള്ളിയിൽ ദിവ്യബലി.

# Congratulations to Atlanta Knanaya Parish





The Sacred Heart Knanaya Catholic Parish of Chicago extends its prayerful greetings to Rev. Fr. Stany Edathiparambil and the Knanaya Catholic Community of Atlanta on the occasion of the blessings of its new church and establishment of Holy Family Knanaya Catholic Mission as the Second Knanaya Catholic Parish in North America. We extend thanks to Bishop Mar Jacob Angadiath.

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

April 2009

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

# Schedule of Events

### SATURDAY, APRIL 4, 2009

Youth Retreat at Techny Towers, 2001 Waukegan Rd., Northbrook, IL 60062 from 7:00 A.M. to 9:00 P.M. by Mark Nimo and team.
Holy Mass and Novena at 10:00 A.M.
Passion Play tour to Munster, 340 W. 45th Street, Munster, IL 46321. Show starts at 3:00 P.M.

### SUNDAY, APRIL 5, 2009
**ഓശാന ഞായർ**

Palm Sunday service at Maywood at 10:00 A.M.
Blessing, distribution of palm leaves, and procession.
No Religious Education Class and English Mass at Maywood today.
Religious Education Class at OLV at 3:45 P.M.
Palm Sunday service at OLV at 5:30 P.M.
Blessing and distribution of palm leaves, procession, and Holy Mass.

### HOLY THURSDAY, APRIL 9, 2009
പെസഹാ വ്യാഴം

Passover at Maywood with washing of feet at 6:30 P.M.
കുർബ്ബാനയെ തുടർന്ന് ഹാളിൽ അപ്പം മുറിക്കൽ.

Passover at Community Center with washing of feet at 9:00 P.M.
കുർബ്ബാനയെ തുടർന്ന് അപ്പം മുറിക്കൽ.

### GOOD FRIDAY, APRIL 10, 2009
ദുഃഖ വെള്ളി

ഇടവക പള്ളിയിൽ 10:00ന് പീഡാനുഭവ ശുശ്രൂഷയും വഴിയിലൂടെ സ്ലീവാപാതയും.
പ്രസംഗം: ഫാ. മാത്യു ഇളയടത്തുമഠം MSFS
കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 7:00ന് പീഡാനുഭവ ശുശ്രൂഷയും കുരിശിന്റെ വഴിയും.
പ്രസംഗം: ഫാ. റ്റോം തോമസ് പന്നലക്കുന്നേൽ MSFS.

### HOLY SATURDAY, APRIL 11, 2009

ഇടവക പള്ളിയിൽ 9:00ന് ദുഃഖശനി ആചരണം: പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ് (തിരികളും വിശുദ്ധ ജലം കൊണ്ടു പോകുവാൻ ചെറിയ പാത്രവും കൊണ്ടുവരാം) ജ്ഞാനസ്നാന വ്രത നവീകരണം, കുർബാന. ഉയിർപ്പു തിരുന്നാളിന് ഒരുക്കം.

ഇടവക പള്ളിയിൽ 7:00 P.M.ന് ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ. പ്രസംഗം: ഫാ. റ്റോം തോമസ് പന്നലക്കുന്നേൽ MSFS. തുടർന്നു സ്നേഹവിരുന്ന്.

സെന്റ് മേരീസ് യൂണിറ്റിന്റെ ഈസ്റ്റർ കുർബ്ബാന രാത്രി 11:00ന് നൈൽസിലെ 8307 നോർത്ത് ഹാർലം അവന്യൂവിലുള്ള സെന്റ് ജോൺസ് പള്ളിയിൽ.പ്രസംഗം: ഫാ. മാത്യു ഇളയടത്തുമഠം.

### EASTER, APRIL 12, 2009
രാവിലെ 10:00 ന് ഇടവക പള്ളിയിൽ ദിവ്യബലി.

### THURSDAY, APRIL 16, 2009

Holy Mass, Novena, and Benediction at Community Center at 7:00 P.M..

### FRIDAY, APRIL 17, 2009

Holy Mass and Novena of St. Michael at Maywood at 7:00 P.M.

### SATURDAY, APRIL 18, 2009
Holy Mass and Novena at 10:00 A.M.

### SUNDAY, APRIL 19, 2009
Syro-Malankara Holy Mass at 8:30 A.M.



# വികാരിയുടെ സന്ദേശം

## "ആ പാപി നീ തന്നെ!"

എന്റെ പ്രിയ സഹോദരങ്ങളേ,

പഴയ നിയമത്തിലെ ഏറ്റം പ്രതാപവാനായ ദാവീദു രാജാവ് ഒരു ദുർബല നിമിഷത്തിൽ ചെയ്ത പാപം അനവധി കൊടും പാപങ്ങളിലേയ്ക്കു നയിച്ചു. എങ്കിലും അദ്ദേഹം നീതിമാനും നിരപരാധിയുമായി ചമഞ്ഞു നടന്ന സംഭവം മറകൂടാതെ വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (2സാമുവെൽ 11:2 മുതൽ).

ഒരു ദിവസം ഉച്ചമയക്കത്തിനുശേഷം കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ഉലാത്തിക്കൊണ്ടിരുന്ന രാജാവ് കുളിക്കടവിൽ അർദ്ധനഗ്നയായി കുളിച്ചുകൊണ്ടിരുന്ന യുവ സുന്ദരിയെ കണ്ട് അവളിൽ ആകൃഷ്ടനായി. അവളെ ആളയച്ച് കൊട്ടാരത്തിലേയ്ക്കു വരുത്തിയ അദ്ദേഹം, അവൾ തന്റെ സൈന്യത്തിലെ പട്ടാളക്കാരൻ ഊറിയായുടെ ഭാര്യ ബത്ഷീബയാണെന്നറിഞ്ഞിട്ടും അവളെ ലൈംഗിക പാപത്തിനു പ്രേരിപ്പിച്ചു. അതുവഴി അവൾ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ തന്റെ തെറ്റു മറച്ചു വെച്ച് അവളുടെ ഗർഭത്തിനുത്തരവാദി ഊറിയായാണെന്നു സ്ഥാപിക്കുവാൻ രാജാവു ചില ശ്രമങ്ങൾ നടത്തി. അദ്ദേഹം ഊറിയായെ യുദ്ധരംഗത്തുനിന്ന് ആളയച്ചു വരുത്തി. അയാൾ ബത്ഷീബയുമായി ദാമ്പത്യബന്ധത്തിലേർപ്പെടത്തക്ക സാഹചര്യം രാജാവ് ഒരുക്കി. വാഗ്ദത്തപേടകവുമായി തന്റെ സൈന്യം യുദ്ധം ചെയ്യുമ്പോൾ താൻ ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതു ശരിയല്ല എന്ന അക്കാലത്തെ വിശ്വാസമനുസരിച്ച് നിഷ്കളങ്കനായ ഊറിയാ അതിൽനിന്നു വിട്ടുനിന്നു.

നിവൃത്തിയില്ലാതായ രാജാവ് അടുത്ത കെണിയൊരുക്കി. ശത്രുസൈന്യത്തിന്റെ വാളിനിരയാകത്തക്കവിധം ഊറിയായെ അപകടം നിറഞ്ഞ മുൻ നിരയിൽ നിർത്തി വധിക്കപ്പെടുവാനുള്ള നിർദ്ദേശം സൈന്യാധിപന് രാജാവ് ഊറിയായുടെ കൈവശം തന്നെ അയാളറിയാത്തവിധം രഹസ്യമാക്കി കൊടുത്തയച്ചു. അങ്ങനെ ഊറിയായെയും മറ്റു ചില സഹ സൈനികരെയും ശത്രുസൈന്യം വധിച്ചു. ആ വിവരം അറിഞ്ഞ രാജാവ് ഒരു വിധവയ്ക്കു പുനർജീവിതം നല്കാനെന്ന വ്യാജേന ബത്ഷീബയെ രാജ പത്നിയായി സ്വീകരിച്ചു.

അങ്ങനെ പാപത്തിനുമേൽ പാപം ചെയ്തിട്ടും നല്ലവനായി ചമഞ്ഞ ദാവീദു രാജാവിന്റെ മന:സാക്ഷി ഉണർത്തുവാൻ ദൈവം നാഥാൻ പ്രവാചകനെ രാജസന്നിധിയിലേക്ക് അയച്ചു. പ്രവാചകൻ കെട്ടിച്ചമച്ച ഒരു കേസ് രാജ സമക്ഷം ഉണർത്തിച്ചു: "അല്ലയോ മഹാരാജൻ, അങ്ങയുടെ സാമ്രാജ്യത്ത് വലിയൊരു അനീതി നടന്നിരിക്കുന്നു. ഒരു ധനികൻ തന്റെ ഭവനത്തിലെത്തിയ അതിഥിയെ സൽക്കരിക്കുവാൻ തന്റെ 100 ആടുകളിൽ ഒന്നിനെ കൊല്ലുന്നതിനു പകരം തന്റെ അയൽ പക്കത്തെ ഒരു പാവപ്പെട്ടവൻ തന്റെ മക്കളെപ്പോലെ താലോലിച്ചു വളർത്തിയ ഏക ആട്ടിൻകുട്ടിയെ ബലമായി പിടിച്ച് കൊന്നു."

ഇതു കേട്ടു ധാർമ്മിക ബോധത്താൽ കോപാകുലനായ രാജാവ് അജ്ഞാപിച്ചു: "ദൈവം ജീവിച്ചിരിപ്പുണ്ടെങ്കിൽ തീർച്ചയായും ആ ധനികൻ മരണ ശിക്ഷയ്ക്ക് അർഹനാണ്." അപ്പോൾ നാഥാൻ പ്രവാചകൻ പറഞ്ഞു: "ആ ധനികനായ പാപി അങ്ങു തന്നെയാണ്. അപ്പോഴാണ് ദാവീദു രാജാവിനു ബത്ഷീബയെ സ്വന്തമാക്കുവാൻ താൻ ചെയ്തുകൂട്ടിയ പാപ ചങ്ങലകളുടെ എണ്ണവും കാഠിന്യവും ബോദ്ധ്യമായത്. അതിൽ അദ്ദേഹം പശ്ചാത്തപിക്കുകയും ചെയ്തു.

ദാവീദിന്റെ ദൈവത്തെയും നീതിയെയും മറന്നുള്ള ഈ വിധ പ്രവർത്തനത്തിന്റെ തനിയാവർത്തനങ്ങളാണ് നമ്മിൽ മിക്കവരും ഇന്നു ചെയ്യുന്നത്. സ്വാർത്ഥതയ്ക്കും സുഖലോലുപതയ്ക്കും വേണ്ടി ചൂഷണവും അധാർമ്മിക പ്രവർത്തനങ്ങളും ഒന്നിനു പുറകെ മറ്റൊന്നായി ചെയ്തുകൂട്ടിയിട്ട് മാന്യത ചമയുവാനുള്ള പ്രവണത നമ്മിലുണ്ട്. താൻ നീതിമാനും ബാക്കിയുള്ളവരെല്ലാം അധാർമ്മികരുമാണെന്ന ബോദ്ധ്യത്തിൽ കഴിയുന്ന അവസ്ഥ ഇന്നു മാത്രമല്ല, ക്രിസ്തുവിന്റെ പരസ്യജീവിതകാലത്തുമുണ്ടായിരുന്നു. പാപരഹിതനായിരുന്ന ക്രിസ്തുനാഥനെ ലോകത്തിലെ ഏറ്റം വലിയ കൊടും പാപിയായി മുദ്രകുത്തി ഹീനമായി ശിക്ഷിക്കുവാൻ സ്വയം നീതിമാന്മാരായി ചമഞ്ഞിരുന്ന അന്നത്തെ പ്രമാണിമാർക്കു കഴിഞ്ഞു.

രോഗികളോടും മരണാസന്നരോടും നിരാശയിൽ കഴിഞ്ഞവരോടും പാപികളോടും കരുണ കാണിച്ച ക്രിസ്തുനാഥന്റെ വിമോചന മൊഴികളിൽ ആകൃഷ്ടരായ ജനം, ജെറുസലെം ദൈവാലയത്തിൽ പെസഹാ ആചരിക്കുവാനെത്തിയ ഈശോയെ ആവേശത്തോടെയും വിജയാരവത്തൊടെയുമാണു സ്വീകരിച്ചത്. യുദ്ധം ജയിച്ച്, വിജയ പ്രതാപവാനായും സമാധാന ദൂതനായും കഴുതപ്പുറത്തെഴുന്നള്ളിയ ഈശോയെ അവർ മേൽമുണ്ടു വിരിച്ചും മരച്ചില്ലകൾ വീശിയും "ഞങ്ങളെ രക്ഷിക്കുക" എന്നർത്ഥം വരുന്ന ഓശാന പാടി സ്വീകരിച്ചപ്പോൾ അത് വിലമതിക്കുന്നതിനു പകരം അവർക്കും ഈശോയ്ക്കുമെതിരെ പിറുപിറുക്കുന്ന യഹൂദപ്രമാണിമാരെയാണു നാം കാണുക. വാസ്തവത്തിൽ ഏറ്റം വലിയ പാപികളായ അവർ നീതിമാന്മാരായി ചമഞ്ഞാണു പെരുമാറിയത്. ദാവീദു രാജാവ് നാഥാൻ പ്രവാചകന്റെ കഥകേട്ട് അന്യന്റെ പാപത്തിനു മരണശിക്ഷ വിധിച്ചതുപോലെ, കൊടും പാപികളായ അവർ നിരപരാധിയായ ഈശോയെ അതിദാരുണവും ഏറ്റം അപലപനീയവുമായ കുരിശുമരണത്തിനു വഴിയൊരുക്കി.

അമ്പതു നോയമ്പിന്റെ അവസാന വാരം ഓശാന തിരുന്നാൾ ആഘോഷിച്ചുകൊണ്ട് വിശുദ്ധ വാരത്തിനു നാം തുടക്കം കുറിക്കുമ്പോൾ, പാപികളായ നാം ദാവീദു രാജാവിനെപോലെ നീതിമാ

*(Continued on page 4)*

**നുറുങ്ങുവെട്ടം**



**അനേകായിരങ്ങളുടെ മുഖം നോക്കി കുറ്റമാരോപിക്കുന്ന നാം നമ്മുടെ മാത്രം മുഖം കാണാറില്ല. അതിനാൽ അതിന്റെ വൈകൃത്യം നമുക്കറിവില്ല.**

# ഇണ്ടറിയപ്പവും പാലും അപ്പം മുറിയ്ക്കലും

നമ്മുടെ പാരമ്പര്യത്തിൽ രൂഢമൂലമായ ചടങ്ങാണ് അപ്പം മുറിയ്ക്കൽ. യഹൂദ പെസഹായോട് സാധർമ്മ്യമുള്ള ഈ ചടങ്ങ് ഒരു കുടുംബ വിരുന്നാണ്. കുടുംബനാഥന് അനന്യസാധാരണ സ്ഥാനവും കുടുംബ ശുശ്രൂഷയ്ക്ക് ആദരണീയതയും നല്കുന്നതാണിത്. മക്കൾ തമ്മിലോ മാതാപിതാക്കളുമായോ എന്തെങ്കിലും സ്വരച്ചേർച്ചയില്ലായ്മ ഉണ്ടെങ്കിൽ അതു പരിഹരിക്കപ്പെടുന്ന വേളയാണിത്. വേറെ മാറി താമസിക്കുന്ന മക്കൾ തറവാട്ടിൽ വന്നും, കാരണവന്മാരെ മക്കളുടെ വീട്ടിൽ കൊണ്ടുപോയും അപ്പം മുറിപ്പിച്ച് കുടുംബ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നു. പരസ്പരം ക്ഷമിക്കുവാനുള്ള അലൌകികമായ അന്തരീക്ഷമാണ് ഈ ചടങ്ങിനുള്ളത്. അതു പരിരക്ഷിക്കേണ്ടതാണ്.



**Msgr. Dr. Jacob Vellian, Vicar General, Archeparchy of Kottayam**

## ഇണ്ടറിയപ്പം (പുളിപ്പില്ലാത്ത പെസഹാ അപ്പം) തയ്യാറാക്കേണ്ട വിധം

**ചേരുവകൾ**

പച്ചരി: 1കിലോഗ്രാം
ഉഴുന്നു പരിപ്പ്: 150ഗ്രാം
തേങ്ങാ: 2എണ്ണം
ജീരകം: 30ഗ്രാം
ചുവന്നുള്ളി: 100ഗ്രാം
വെളുത്തുള്ളി: 20ഗ്രം
ഉപ്പ്: ആവശ്യത്തിന്
കുരുത്തോലക്കഷണം: 2 എണ്ണം

**പാകം ചെയ്യുന്ന വിധം**

പച്ചരി കഴുകി പൊടിച്ച് (തരി മീഡിയം) വറുത്തെടുക്കുക. ഉഴുന്ന് ഓട്ടിൽ (എണ്ണ ചേർക്കാതെ) ചൂടാക്കി ഇളം ചുവപ്പാകുമ്പോൾ വാങ്ങുക. ഉഴുന്ന് വെള്ളത്തിലിട്ട് കുതിർന്നു കഴിയുമ്പോൾ എടുത്ത് അരയ്ക്കുക. ജീരകവും വെളുത്തുള്ളിയും ചുവന്നുള്ളിയും നന്നായി അരച്ചെടുക്കുക. തേങ്ങാ തരി വരത്തക്കവിധം മാത്രം അരയ്ക്കുക. അരിപ്പൊടിയിൽ ഉപ്പും വെള്ളവും ചേർത്തു കുഴയ്ക്കുക. അതിനുശേഷം ഉഴുന്നും മറ്റും അരച്ചത് കൂട്ടിയോജിപ്പിക്കുക. കൈകൊണ്ടു കോരിയെടുക്കാവുന്ന വിധം മാത്രം വെള്ളം ചേർത്താൽ മതി. വൃത്താകൃതിയിലുള്ള പാത്രങ്ങളിലൊഴിച്ച് ഓശാനയ്ക്കു കിട്ടുന്ന കുരുത്തോല കുരിശാകൃതിയിൽ (2 ഇഞ്ച് നീളം) അപ്പത്തിന്മേൽ (കുടുംബനാഥ) വയ്ക്കുന്നു. അപ്പച്ചെമ്പിൽ ആവിക്കുവച്ച് വേവിക്കുക. (ഈർക്കിൽകൊണ്ട് കുത്തിനോക്കി അരിപ്പൊടി അതിൽ പിടിക്കുന്നില്ലെങ്കിൽ വെന്തെന്ന് അറിയാം).

## ഇണ്ടറി അപ്പത്തിന്റെ പാൽ തയ്യാറാക്കേണ്ട വിധം

**ചേരുവകൾ**

ശർക്കര: 1കിലോഗ്രാം
തേങ്ങാ: 4 എണ്ണം
ജീരകം: 15 ഗ്രാം
എള്ള് : 25 ഗ്രാം. ഓട്ടിൽ വറുത്തെടുക്കുക.
ഏലയ്ക്കാ: 4 എണ്ണം
ചുക്ക്: 1 ചെറിയ കക്ഷണം (5 ഗ്രാം)
ഉപ്പ് ആവശ്യത്തിന്

**പാകം ചെയ്യുന്ന വിധം**

സാധാരണയായി പാൽ കാച്ചുന്നത് അത്താഴം കഴിഞ്ഞാണ്. പുതിയ കലവും തവിയും ഇതിന് ഉപയോഗിച്ചിരുന്നു.

ശർക്കര ഒരു ഗ്ലാസ് വെള്ളമൊഴിച്ച് ഉരുക്കി അരിച്ചെ ടുക്കുക. തേങ്ങാ ചിരണ്ടിയെടുത്ത് 3 പ്രാവശ്യം പിഴി ഞ്ഞെടുത്ത പാലിൽ (ഏകദേശം 2 ലിറ്റർ) അരിച്ചെടുത്ത ശർക്കര ചേർത്ത് അടുപ്പത്തു വച്ച് ഇളക്കിക്കൊണ്ടിരി ക്കണം. തിളച്ചു പോകാതെ ശ്രദ്ധിക്കണം. കുരു ത്തോല കുരിശ് ആകൃതിയിൽ പാലിൽ) 2 ഇഞ്ച് മുറിച്ച്) ഇടണം. തിളച്ചു കഴിയുമ്പോൾ 3 സ്പൂൺ വറുത്ത അരി പ്പൊടി അൽപം തേങ്ങാപ്പാലിൽ കലക്കി അതിൽ ഒഴിക്കുക. പാത്രത്തിന്റെ മൂട്ടിൽ പിടിക്കാതെ ഇളക്കിക്കൊണ്ടിരിക്കണം. തിളച്ചു കഴിയുമ്പോൾ വറുത്തു വച്ചിരി ക്കുന്ന ജീരകം, എള്ള്, ഏലയ്ക്കാ, ചുക്ക് ഇവപൊടിച്ച് ഉപ്പും ഇട്ടു ളി ഇറക്കി വക്കുക.

## അപ്പം മുറിയ്ക്കൽ

പെസഹാ വ്യാഴാഴ്ച അത്താഴത്തിനു ശേഷമാണ് അപ്പം മുറിക്കുക. എല്ലാവരും കൂടി ഭയഭക്തിയോടെ എഴുന്നേറ്റു നിന്ന് ഗൃഹനാഥന്റെ നേതൃത്വത്തിൽ പ്രാർത്ഥന ചൊല്ലുന്നു.

ഗൃഹനാഥൻ എഴുന്നേറ്റുനിന്ന് കുരിശപ്പത്തിന്മേലുള്ള കുരുത്തോല എടുത്തുമാറ്റി കത്തികൊണ്ട് കുരിശാകൃതിയിൽ അപ്പം മുറിക്കുന്നു. തുടർന്ന് ആവശ്യാനുസരണം ചെറിയ കഷണങ്ങളാക്കി മുറിക്കുന്നു.

മൂത്തവർ മുതൽ ഇരുകൈകളും നീട്ടി ഭക്തിയോടെ ഗൃഹനാഥന്റെ കൈയ്യിൽ നിന്നും അപ്പം വാങ്ങുന്നു. വലതുകൈയ്യിൽ അപ്പം എടുത്ത് ഇടതുകൈയ്യ് വലതുകൈയ്യുടെ മുട്ടിനു താഴെ (ആദരവു കാണിക്കാൻ) പിടിച്ചാണ് നല്കേണ്ടത്. പാൽ കപ്പുകളിൽ എടുത്ത് അതിൽ അപ്പം മുക്കിയാണ് കഴിക്കുക.

വിശ്വാസികളല്ലാത്തവർക്ക് കുരിശപ്പം കൊടുക്കാറില്ല. അതിനുപകരം കുരിശുവയ്ക്കാതെ ഇലയിൽ മടക്കിവച്ച് അപ്പം ഉണ്ടാക്കാറുണ്ട്. അപ്പം മുറിയ്ക്കലിനു മുമ്പ് കുട്ടികൾക്കു കൊടുക്കുന്ന അപ്പവും കുരിശു വരയ്ക്കാത്തതാണ്.

അപ്പമോ പാലോ താഴെ വീഴാതെ ശ്രദ്ധിക്കണം. പാലെടുത്ത കപ്പുകൾ കഴുകിയ വെള്ളം ആളുകൾ ചവിട്ടാത്ത സ്ഥലത്താണ് ഒഴിച്ചു കളയേണ്ടത്.

*(Continued from page 3)*

ന്മാരായി ചമയുകയാണോ എന്നു ആത്മശോധന ചെയ്യണം. ഈശോയെ ഓശാന പാടി സാധാരണ വിശ്വാസികൾ എതിരേറ്റപ്പോൾ ജനപ്രമാണിമാർ പിറുപിറുത്തതുപോലെ മറ്റുള്ളവർക്കെതിരെ പിറുപിറുക്കുന്ന പ്രവണത നമുക്കില്ലാതാക്കാം. ഈശോയെ ഓശാനപാടി ഹൃദ്യമായി എതിരേറ്റ വിനയാന്വിതരായ വിശ്വാസികളോടു ചേർന്ന് "ഞങ്ങളെ രക്ഷിക്കേണമേ!" എന്ന് നമുക്കും ഈശോയോടു കേണപേക്ഷിക്കാം. ജറുസലെം ദൈവാലയത്തെ ശുദ്ധീകരിച്ച കർത്താവ്, ഉയിർപ്പു തിരുനാളിനൊരുങ്ങുന്ന നമ്മുടെ ഹൃദയങ്ങളെ വിശുദ്ധമാക്കാൻ കൃപനല്കട്ടെ.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

# Annual Retreat Photos













## Cruise to Bahamas & Alaska

Considering the popular request, the cruise to **Bahamas** for the Thanksgiving Day Weekend. The new dates are November 27 - 30, 2009. The boarding of the cruise will start in Miami, Florida at 4:00 P.M. on November 27th and will end there on March 30th at 8:00 A.M. For rates, please contact the coordinators:
Initial deposit of $25.00p/p is due before April 27, 2009

For reservation, please contact our coordinators Joy Nediyakalayil at 847-910-1068, Joy Chemmachel, Mary Pinarkayil Or travel agency Mathews Pilgrimage at 847-759-0899.

Those who would prefer cruise to **Alaska** can join the Knanaya Catholic Group from Los Angeles at Seattle. This seven day cruise in Star Princess will start from Seattle on Sunday, August 30th afternoon and will be back in Seattle next Sunday morning. Stops are Ketchikan, Tracy Arm Fjord, Juneau, Skagway, and Victoria (B.C., Canada).



The cost will be $826 p/p or above depending on your preference. Initial deposit of $200 is due before April 20th.

For reservation, please contact coordinators Jacob Mutholath @ 818-486-5006, James Chettiath @ 818-679-6375 or Travel Agent Cheryl Newman at 818-886-2000.

## PASSION PLAY TOUR TO MUNSTER, INDIANA

**340 W. 45th Street, Munster, IN 46321.**



Various ministries of our Parish are organizing a tour to attend JESUS OF NAZARETH, a live passion play at Munster, Indiana directed by Steve Munsey. The program we attend will be on **Saturday April 4th at 3:00 P.M.** That is the eve of Palm Sunday to prepare ourselves for the Holy Week. For Registration please contact 1-219-922-6500 Extension 580 or visit http://www.jesusofnazareth.org
You may arrange your own transportation.

Coordinators from the parish: Reethamma Accathara, Thankamma Nediyakalayil, Regy Idiyalil, Gracy Vachachira, Sunil Vettathukandathil, and Saly Kizhakkekuttu.

## ONE DAY YOUTH RETREAT

**On Saturday April 4, 2009 At Techny Towers**

2001 Waukegan Road, Northbrook, IL 60062.

7:00 A.M. to 9:00 P.M.

**Mark Nimo and Team.**

All youth from 7th grade and up are welcome from both Sacred Heart and St. Mary's Unit.
Registration fee is $50 to meet the expense.
Mandatory for all Religious Education Youth Teachers.
For details, please call Sabu Mutholam at (708) 307-1795.



Mark Nimo

# HOLY WEEK SCHEDULE

**Palm Sunday (April 5)** Blessing of palm leaves, procession, and Holy Mass at Maywood at 10:00 A.M. and at OLV at 5:30 P.M.
**Holy Thursday (April 9)** Washing of feet, Holy Mass and Passover meal sharing at 6:30 P.M. at Maywood and 9:00 P.M. at Community Center.
**Good Friday (April 10)** Passion Narrative, Way of the Cross, and snack at Maywood at 10:00 A.M. and at Community Center at 7:00 P.M.
**Holy Saturday (April 11)** Blessing of new light & water, Renewal of Baptismal promises and Mass at Maywood at 10:00 A.M.
**Easter Mass (April 11)** Easter Mass at Maywood at 7:00 P.M. and at St. John Brebeuf Church, 8307 North Harlem Ave., Niles, IL 60714 at 11:00 P.M. for St. Mary's Unit.
**Easter Day (April 12)** Holy Mass at 10:00 A.M. at Maywood for those who cannot attend on 11th.

### OTHER IMPORTANT ANNOUNCEMENTS

**Marriage Preparation Course** of our church from April 24th evening to 26th evening.
**First Holy Communion** & Chrismation at Maywood on May 2nd Saturday at 3:00 P.M. and at OLV for St. Mary's School on May 3rd at 4:00 P.M. All are invited for banquet.
**Main Parish Feast** of the Most Sacred Heart of Jesus from May 22 to 24th.

### REGION BULLETIN




**Easter issue of our newsletter will be the second issue of the Knanaya Catholic Region. Some of our features won't be available in that issue.**

### For Favors Received



**- Marykutty**

| READERS / LECTORS | വിശുദ്ധ വാരം | | |
|---|---|---|---|
| April 5 | PASSAGE | MAWOOD | ST. MARY'S UNIT |
| 1st Reading | Genesis 49:1-2, 8-12 | Mercy Ellavumkal | Prathibha Thachettu |
| 2nd Reading | Zachariah 9:9-10 | Santha Vallachery | Mathukutty Poozhikunnel |
| April 9 | HOLY THURSDAY | | |
| 1st Reading | Exodus 12:1-14 | Leelamma Puthenpurayil | Shiney Tharathattel |
| 2nd Reading | Malachi 1: 8 - 12 | Jessin Naduveetil | Peena Manappally |
| April 10 | GOOD FRIDAY | | |
| 1st Reading | Genesis 22: 1-13 | Vimal Thottapuram | Salom Pillaveettil |
| 2nd Reading | Isiah 53:1-12 | Josy Mannakulam | Shally Thoompanal |
| April 11 | EASTER MASS | | |
| 1st Reading | Acts 10:34a, 37-43 | Shiju Cheriyathil | Thampy Viruthikulangara |
| 2nd Reading | 1 Corinthians 5:6b-8 | Jojo Alappattu | Saira Kannampally |

## USHERS AT MAYWOOD

**April 5**
Ajomon Poothurail,
Abin Kulathilkarottu,
Stephen Kandarappallil,
Nirmal Maniparampil.

**April 11**
Malu Muriparambil,
Jintu Muriparambil,
Sindu Mulel,
Christy Babu.



Participants of Pastoral and Finance Council meeting of the Syro-Malabar Diocese of Chicago held on March 28th.

| SUNDAY OFFERINGS | March 29 |
|---|---|
| **St. Mary's Unit at OLV** | **511.00** |
| **Retreat at Community Center to team** | **471.00** |
| Sacred Heart Church Mal. Mass | 2,145.00 |
| English Mass | 50.00 |
| Building Fund | 25.00 |
| Food Service (Sunday Retreat) | 1,643.00 |
| Guadalupe Offering Box | 201.00 |
| Agape Store for charity | 212.00 |
| Retreat Net Income given to Retreat Team | 10,202.00 |
| **TOTAL AT MAYWOOD** | **14,478.00** |

### For Favors Received



**- Mercy Mathew**

### For Favors Received



**- Valsa Thekkeparambil**

## MARRIAGE PREPARATION COURSE



**Family Commission of Sacred Heart Knanaya Catholic Parish is offering Marriage Preparation Course that is mandatory for Catholic Marriage. The course will be held at our Church from Friday, April 24 to Sunday 26th. Early registration is required. Please contact Tonny Pullappally at 630-205-5078.**







Please support our advertisers who make this bulletin possible.

YOU INVITE THE GUESTS, WE DO THE REST

**Malabar**

Catering &Carry-out

**Professional with 11 years experience in catering.**

Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

## For All Your Tax Services

**Free Electronic Filing & Fast Refund**
**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**
**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

## Loan Consultant

CITYWIDE JMW REALTY INC.
**Cell: 847-276-7354**
**Sabu Madathiparambil**
**Citywide Mortgage of America Corp.**
**sabuaphilip@hotmail.com**
**Home: 847-918-0242**
Illinois Residential Mortgage Licensee
Equal Housing Lender



## Gaanam Videos & Photos Edukkutharayil



**Professional Touch with Latest Technology.**



*ANIL*
*Cell: 630-202-5969*
*Res: 847-827-7827*



*Your Rehab Specialists*

**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.



Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

